ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാരുടെ ഒഴിവുകൾ നികത്തുന്നതിന്

നടപടി

98 [1443] ശ്രീ. കെ. മുഹമ്മദാലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക–പട്ടിക സമുദായ ക്ഷേമവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പട്ടിക വർഗ്ഗ വികസന വകുപ്പിൽ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാരുടെ എത്ര ഒഴിവുകൾ നിലവിലുണ്ട്;

(ബി) ഈ ഒഴിവുകൾ നികത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) നിലവിലുള്ള ഒഴിവുകൾ എല്ലാം പി.എസ്.സി.യെ അറിയിച്ചിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

(ഇ) നിലവിലുള്ള ഒഴിവുകൾ നികത്തുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാരുടെ ഒഴിവുകൾ നിലവിലില്ല.

(ബി, സി, ഡി ആൻഡ് ഇ) ചോദ്യം ഉദിക്കുന്നില്ല.

ട്രൈബൽ മിഷന്റെ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി

99 [1444] ശ്രീ. എൻ. രാജൻ:
,, പി. നാരായണൻ:
,, പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക–പട്ടിക സമുദായ ക്ഷേമവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസികളുടെ ക്ഷേമത്തിനായി ഒരു ട്രൈബൽ മിഷൻ രൂപീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ മിഷന്റെ ഇതുവരെയുള്ള പ്രവർത്തനങ്ങൾ വ്യക്തമാക്കുമോ;

(ബി) ഈ മിഷന്റെ പ്രവർത്തനംകൊണ്ട് എത്ര ആദിവാസികൾക്ക് ഇതുവരെ പ്രയോജനമുണ്ടായിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) ഈ മിഷന്റെ പ്രവർത്തനം കാര്യക്ഷമമാക്കാൻ എന്തു നടപടികളെടുത്തു വരുന്നുണ്ടെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. സംസ്ഥാനത്ത് ഭൂരഹിതരും ഒരേക്കറിൽ താഴെ ഭൂമിയുള്ളവരുമായ ആദിവാസികൾക്ക് ഒരേക്കറിൽ കുറയാതെയും ഭൂമി കൂടുതലുള്ള സ്ഥലങ്ങളിൽ ലഭ്യതയനുസരിച്ച് 5 ഏക്കർ വരെയും ഭൂമി വിതരണം ചെയ്യുന്നതിനും അവരെ പുനരധിവസിപ്പിക്കുന്നതിനും തുടർന്നുള്ള വികസന പ്രവർത്തനങ്ങൾ നടത്തുന്നതിനും വേണ്ടിയാണ് ആദിവാസി പുനരധിവാസ മിഷൻ രൂപീകരിച്ചിട്ടുള്ളത്. നാളിതുവരെ 3,253 കുടുംബങ്ങൾക്കായി

LIBRARY ARCHIVES Kerala Legislative Assembly